ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇപ്പോൾ അങ്ങനെ നിർദ്ദേശം കൊടുക്കണമെന്ന ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എൻ. കെ. ശേഷൻ : കേരള സർവ്വകലാശാല നൽകുന്ന മാനദണ്ഡങ്ങൾക്കു പുറമേ അതിനെ നിയന്ത്രിക്കുന്ന അധികാരികളും ചില മാനദണ്ഡങ്ങളും നൽകുന്നുണ്ടെന്നുള്ളതു പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ആ വിവരം ബഹുമാനപ്പെട്ട മെമ്പറിൽ നിന്നു സ്വീകരിക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : പുതിയ യൂണിവേഴ്സിറ്റി ആക്ടിൽ നിലവിൽ വന്നശേഷവും അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കേണ്ട സമയത്തു ലഭിക്കാത്തതിനെപ്പറ്റി അന്വേഷിച്ചു....

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതു വ്യത്യസ്തമായ കാര്യമാണ്, സ്കോളർഷിപ്പുമായി ബന്ധപ്പെട്ടതല്ല.

മലയാള സാഹിത്യ അക്കാഡമിയുടെ പ്രവർത്തനം

* 170 [624] ശ്രീ. മുസ്തഫാ കമാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സാഹിത്യ അക്കാഡമിയുടെ പ്രവർത്തനങ്ങളിൽ ചില പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടെന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സാഹിത്യ അക്കാഡമിയിൽ മലയാള ഭാഷയെ പ്രതിനിധീകരിക്കുന്നതു് ആരാണു്;

(സി) മലയാള ഭാഷയിൽ സമ്മാനാർഹമായി ഒരു കൃതിയും ഈ വർഷം തെരഞ്ഞെടുക്കാൻ കേന്ദ്ര അക്കാഡമിക്കു കഴിയാതെപോയതു് മലയാള സാഹിത്യ അക്കാഡമിയുടെ പ്രവർത്തനവൈകല്യംകൊണ്ടാണോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഉണ്ടു്.

(ബി) തകഴി ശിവശങ്കരപ്പിള്ള.

(സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. മുസ്തഫാ കമാൽ : സമ്മാനാർഹങ്ങളായ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണു്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതിനെസംബന്ധിച്ചുള്ള വിവരങ്ങൾ അക്കാഡമിയിൽനിന്നു കിട്ടേണ്ടതാണു്; കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. മുസ്തഫാ കമാൽ : അക്കാഡമിയുടെ തലപ്പത്തിരിക്കുന്ന സാഹിത്യകാരന്മാരുടെ കിടമത്സരംകൊണ്ടാണു് നീതിപൂർവ്വകമായി ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ കഴിയാതെ വന്നതെന്നുള്ള ശ്രീ. പൊൻകുന്നം വക്കിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? നിഷ്പക്ഷമായും നീതിപൂർവ്വകമായും പെരുമാറുന്ന ഒരു സാഹിത്യകാരനെ ആ സ്ഥാനത്തു പ്രതിഷ്ഠിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഗവണ്മെൻറ് എന്ന നിലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ഒരു പത്രപ്രവർത്തകനെന്ന നിലയിൽ എൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിഷ്പക്ഷമായും നീതിപൂർവ്വകമായും കാര്യങ്ങൾ കൈയാളുമെന്ന ധാരണയാണ് എല്ലാ സാഹിത്യകാരന്മാരെപ്പറ്റിയും ഗവണ്മെൻറിനുള്ളത്. അവരെ തിരഞ്ഞെടുക്കുമ്പോൾ നിഷ്പക്ഷത അളക്കാൻ മാർഗ്ഗവുമില്ല. തകരാറുകൾ ശ്രദ്ധയിൽപെട്ടാൽ എന്തുവേണമെന്ന് ഗവണ്മെൻറ് ആലോചിക്കാം.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : മലയാള സാഹിത്യത്തിൻറെ ഭാവിയെക്കുറിച്ച് ഗവണ്മെൻറിന് വല്ല ഉൽക്കണ്ഠയോ സംശയമോ ഉണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : മലയാള സാഹിത്യത്തിൻറെ ഭാവിയെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠയോ സംശയമോ ഇല്ല; ശോഭനമായ ഭാവി മലയാളസാഹിത്യത്തിനുണ്ടെന്നാണ് ഗവണ്മെൻറ് വിശ്വസിക്കുന്നത്.

ശ്രീ. എ. വി. കുഞ്ഞാമു : ഈ വർഷം സമ്മാനാർഹമായി തിരഞ്ഞെടുക്കാൻ യോഗ്യമായ യാതൊരു കൃതിയും മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അങ്ങനെയാണ് അനുമാനിക്കേണ്ടത്.

ശ്രീ. എൻ. കെ. ശേഷൻ : അക്കാഡമിയുടെ പ്രവർത്തനത്തിനു ചില പാകപ്പിഴകൾ ഉള്ളതായിട്ട് ആക്ഷേപം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു പറയുകയുണ്ടായി; എന്തുതരത്തിലുള്ള പാകപ്പിഴകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇപ്പോൾ ഇവിടെ പറഞ്ഞതുപോലെയുള്ള കാര്യങ്ങളും ദൈനംദിന ഭരണവും മാറും കാര്യക്ഷമമായി നടക്കുന്നില്ലെന്നതും ഒക്കെ അടങ്ങിയ ആക്ഷേപങ്ങളാ ശ്രീ. സുകുമാരൻ പൊറ്റക്കാടിനെപ്പോലെയുള്ള സാഹിത്യകാരന്മാർ എഴുതി അയച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ : ശ്രീ. സുകുമാരൻ പൊറ്റക്കാടിനെ അക്കാഡമിയുടെ ജനറൽ കൗൺസിലിലേക്ക് സാഹിത്യപരിഷത്തിൻറെ പ്രതിനിധിയായി നോമിനേറ്റ് ചെയ്തിരുന്നതു പരിഷത്തുതന്നെ പിൻവലിച്ച സാഹചര്യത്തിലാണ് അങ്ങനെ എഴുതിയയച്ചതെന്നു കരുതുകയല്ലേ ശരി ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അങ്ങനെയൊരു സംഗതി ഉണ്ടായിട്ടുണ്ട്. കാകതാലീയന്യായേന രണ്ടും സംഭവിച്ചുവെന്നല്ലാതെ, അതുകൊണ്ടാണ് ആക്ഷേപം എഴുതി അയച്ചതെന്നു ഞാൻ പറയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. എൻ. കെ. ശേഷൻ : അദ്ദേഹം കോടതിയിൽ കൊടുത്ത കേസ് തള്ളിയശേഷമാണ് ഇത്തരത്തിലുള്ള ആക്ഷേപം വന്നിട്ടുള്ളതു എന്നും, കേസു തള്ളിയ ഡോറും ആക്ഷേപം എഴുതി അയച്ച ഡോറും പരിശോധിച്ചാൽ വ്യക്തമാകുകയില്ലേ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഡോറു മാത്രം പരിശോധിച്ചുകൊണ്ട് ഒരു സാഹിത്യകാരനെപ്പറ്റി അങ്ങനെ ഒരു മന്ത്രി നിയമസഭയിൽ പറയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പി. ഗംഗാധരൻ : ആക്ഷേപങ്ങളും എന്തൊക്കെയാണെന്നു മനസ്സിലായില്ല. അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : വിശദവിവരമില്ല. പ്രവർത്തനം നടത്തുന്നതിൽ പക്ഷപാതം കാണിക്കുന്നുവെന്നും മറും ആക്ഷേപമുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : സർ, ഞാൻ ചോദ്യം 625 ഉന്നയിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly